(ഐ) ഇക്കാര്യത്തെക്കുറിച്ച് അന്വേഷണം നടത്തുകയുണ്ടായി.

(ജെ) അവകാശികൾക്ക് 'എക്സ്ഗ്രേഷ്യ' തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ബാലറ്റ് പേപ്പർ തട്ടിക്കൊണ്ടുപോയ സംഭവം

64 (65) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിലെ വോട്ടെണ്ണൽ വേളയിൽ കണ്ണൂർ ജില്ലയിലെ ശ്രീകണ്ഠപുരം എസ്.ഇ.എസ്. കോളേജിലെ കൗണ്ടിംഗ് സെന്ററിൽ നിന്നും ബാലറ്റ് പേപ്പർ തട്ടിക്കൊണ്ട് പോയതിന് പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തത് ;

(സി) കേസിലെ പ്രതികൾ ആരെല്ലാമാണ് ;

(ഡി) കൗണ്ടിംഗ് സെന്ററിൽ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന്മാരുടെ സാന്നിദ്ധ്യത്തിൽ ബാലറ്റ് പേപ്പറുകൾ തട്ടിക്കൊണ്ടു പോയത് ആരെല്ലാമാണെന്ന് വ്യക്തമായ തെളിവും മൊഴിയും ഉണ്ടായിട്ടും പ്രതികളെ അറസ്റ്റു ചെയ്യാതിരിക്കാൻ കാരണം എന്താണെന്നു അറിയിക്കാമോ ;

(ഇ) ഇതേ തെരഞ്ഞെടുപ്പിൽ പയ്യാവൂർ പഞ്ചായത്തിലെ ചില ബൂത്തുകളിൽ പോളിംഗ് സ്റ്റേഷനിൽ വച്ച് ബാലറ്റ് പെട്ടികൾ നശിപ്പിച്ചതിന് ഏതെല്ലാം വകുപ്പ് പ്രകാരമാണ് കേസെടുത്തത് എന്നറിയിക്കുമോ ;

(എഫ്) ബാലറ്റ് പേപ്പർ നശിപ്പിച്ചതിനും ബാലറ്റ് പെട്ടി നശിപ്പിച്ചതിനും വ്യത്യസ്ഥമായ രീതിയിൽ കേസ് രജിസ്റ്റർ ചെയ്യാൻ കാരണമെന്ത് ;

(ജി) പ്രസ്തുത രണ്ട് സംഭവത്തിലും ഒരേ രീതിയിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിക്കുമെന്ന് കണ്ണൂരിലെ അഖിലകക്ഷി യോഗത്തിൽ ജില്ലാപോലീസ് സൂപ്രണ്ട് ഉറപ്പുനൽകിയിരുന്നോ ; എങ്കിൽ ഉറപ്പ് പാലിക്കാതെയിരിക്കാൻ കാരണം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സെക്ഷൻ 395 ഐ.പി.സി. കേരള പഞ്ചായത്ത് രാജ് ആക്ട്, 1994-ലെ 78/ഡബ്ല്യു 138 എന്നീ വകുപ്പുകൾ പ്രകാരം.

(സി) കേസന്വേഷണം നടന്നുവരികയാണ്.

(ഡി) പ്രതികളെപ്പറ്റി വ്യക്തമായ തെളിവോ സാക്ഷിമൊഴികളോ ഇതുവരെ ലഭിച്ചിട്ടില്ല.

948/2010

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സെക്ഷൻ 143, 147, 148, 448, 352, 332, 427, 506(1), 395 ആർ/ഡബ്ല്യു 149 ഐ.പി.സി. കേരള പഞ്ചായത്ത് രാജ് ആക്ട് 1994-ലെ 128, 136 ,139 എന്നീ വകുപ്പുകൾ പ്രകാരം.

(എഫ്) കുറ്റകൃത്യങ്ങൾ വ്യത്യസ്ത സ്വഭാവമുള്ളവയായതിനാൽ.

(ജി) അഖിലകക്ഷി സമാധാന യോഗത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് എസ്.പി. ഉറപ്പു നൽകിയിരുന്നതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തിവരുന്നു.

ഭരണാനുമതി നൽകിയ ബോട്ടു ജട്ടികൾ

65 (66) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃക്കരിപ്പൂർ, പയ്യന്നൂർ, ഹോസ്ദുർഗ്ഗ് നിയോജകമണ്ഡലങ്ങളിലൂടെയുള്ള കൊറ്റി-കോട്ടപ്പുറം ബോട്ട് സർവ്വീസുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി എത്ര ബോട്ടുജട്ടികൾക്ക് ഭരണാനുമതി നൽകി ;

(ബി) ഇവയുടെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദവിവരങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) തൃക്കരിപ്പൂർ, പയ്യന്നൂർ, ഹോസ്ദുർഗ്ഗ് നിയോജകമണ്ഡലങ്ങളിലൂടെയുള്ള കൊറ്റി-കോട്ടപ്പുറം ബോട്ട് സർവ്വീസുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 37 ബോട്ടുജട്ടികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഭരണാനുമതി നൽകിയ 37 ബോട്ടുജട്ടികളിൽ 25 എണ്ണത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിച്ചവയിൽ 3 ബോട്ടുജട്ടികളുടെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. 3 ബോട്ടുജട്ടികളുടെ നിർമ്മാണത്തിന് വേണ്ടി ടെണ്ടർ ക്ഷണിച്ച് പണി തുടങ്ങുന്നതിനുവേണ്ടിയുള്ള ഏർപ്പാട് ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 6 ബോട്ടുജട്ടികൾക്ക് ദർഘാസ് ക്ഷണിക്കേണ്ട ഘട്ടത്തിലാണ്.

തിരുവനന്തപുരം-ഷൊർണ്ണൂർ ജലപാത വികസനം

66 (67) ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം-ഷൊർണ്ണൂർ ജലപാത വികസിപ്പിക്കുന്നതിന് എന്തു തുക വേണ്ടി വരുമെന്നും അതിലേക്ക് ഏതെല്ലാം ഏജൻസികളിൽ നിന്നും ഫണ്ട് ലഭ്യമാക്കുമെന്നും എത്ര രൂപ വീതമാണെന്നും വ്യക്തമാക്കാമോ ;

(ബി) ഈ ജലപാതയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതെല്ലാം ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly